## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1341 — 02.03.2017 ൽ മറുപടിയ്ക്ക്

### തോട്ടം മേഖലയിൽ അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി

-

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | ശ്രീ.ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | തോട്ടം മേഖലയിൽ കമ്പനികളും, വ്യക്തികളും അനധികൃതമായി കൈവശം വച്ചിട്ടുള്ള സർക്കാർ ഭൂമി വീണ്ടെടുക്കുന്നതിന് നിയോഗിച്ച സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച വിശദമായ ഇടക്കാല റിപ്പോർട്ടിന്മേലുള്ള പരിഗണന ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി)<br>സ്പെഷ്യൽ ഓഫീസറുടെ ഇടക്കാല റിപ്പോർട്ടിലെ പ്രധാന ശുപാർശയായ സമഗ്ര നിയമ നിർമ്മാണം നടത്തുന്നതിന്റെ സാധുത നിയമ വകുപ്പ് പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ആവശ്യമായ തുടർ നടപടി സ്വീകരിക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ; | |
| (സി) | ഇതു സംബന്ധിച്ച അന്തിമ റിപ്പോർട്ട് തയ്യാറാക്കുന്ന ജോലി സ്പെഷ്യൽ ഓഫീസർ തുടർന്ന് നിർവ്വഹിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ; | (സി) ഉണ്ട് |
| (ഡി) | അനധികൃതമായി ധാരാളം സർക്കാർ ഭൂമി സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും കൈവശത്തിലുള്ള സാഹചര്യത്തിൽ അതു തിരിച്ച് പിടിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുന്നതിലേക്ക്, സീനിയർ റവന്യൂ, നിയമ, പോലീസ് വിഭാഗ ഉദ്യോഗസ്ഥരുടെ ഒരു ടീമിനെ നിയോഗിക്കുമോ? | (ഡി) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ടുകളിലെ ശുപാർശകൾ പരിശോധിച്ചും ഇക്കാര്യത്തിൽ ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുള്ള വിവിധ കേസുകളിലെ അന്തിമ വിധിക്കനുസരിച്ചും ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ